# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.5132 — 30.06.2014-ൽ മറുപടിയ്ക്ക്

## വാഹനപരിശോധനയുടെ പേരിൽ പോലീസ് നടത്തുന്ന പീഡനങ്ങൾ

| ചോദ്യം<br>ശ്രീ. വി.ചെന്താമരാക്ഷൻ | | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വാഹന പരിശോധന നടത്താൻ ഏത് വകുപ്പ് പ്രകാരമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | കേന്ദ്ര മോട്ടോർ വാഹന ആക്റ്റിലെ വകുപ്പുകൾ പ്രകാരം പോലീസിന് വാഹന പരിശോധന നടത്തുവാനുള്ള അധികാരമുണ്ട്. |
| (ബി) | പോലീസ് വാഹന പരിശോധന നടത്തുമ്പോൾ പരിശോധിക്കേണ്ട രേഖകൾ സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | മോട്ടോർ വാഹന നിയമം അനുസരിച്ചാണ് പോലീസ് വാഹന പരിശോധന നടത്തുന്നത്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ്, പുക മലിനീകരണ അളവ് സർട്ടിഫിക്കറ്റ്, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, പെർമിറ്റ്, ടാക്സ് ഒടുക്കിയ രേഖ, ഡ്രൈവിങ്ങ് ലൈസൻസ്, എന്നീ രേഖകൾ ആണ് വാഹന പരിശോധന സമയത്ത് പോലീസ് പരിശോധിക്കുന്നത്. |
| (സി) | വാഹന പരിശോധന സമയത്ത് മതിയായ രേഖകൾ ഇല്ലെങ്കിൽ രേഖകൾ ഹാജരാക്കുന്നതുവരെ മൊബൈൽ ഫോണും ലൈസൻസും പിടിച്ചുവാങ്ങി യാത്രക്കാരെ മാനസികമായി പീഡിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുജനങ്ങളോട് മാന്യമായി പെരുമാറണമെന്നാണ് സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്. |

ഇത്തരത്തിൽ വാഹന പരിശോധന നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

| | | | |
|---|---|---|---|
| (ഡി) | സമൂഹത്തിലെ ഉത്തരവാദപ്പെട്ട വ്യക്തികളേയും സർക്കാർ ജീവനക്കാരേയും ഇത്തരത്തിൽ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ഡി) | പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം പരമാവധി ഒഴിവാക്കിയാണ് വാഹന പരിശോധന നടത്തുന്നത്. |
| (ഇ) | വാഹന പരിശോധന നടത്തുന്നതിന് ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥരെയാണ് പോലീസ് വകുപ്പിൽ ചുമതപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ? | (ഇ) | സബ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് വാഹന പരിശോധന നടത്താൻ അധികാരമുണ്ട്. |

**സെക്ഷൻ ഓഫീസർ**